# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5233 — 02.07.2013 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പ്രകാരം നൽകിയ തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം, (എ) വായ്പയെടുത്ത് മരണമടഞ്ഞ അംഗങ്ങളുടെ ബാക്കി നിൽപ്പ് വായ്പാ ബാധ്യത എഴുതിത്തള്ളുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാരണക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ; എന്ത് തുക അപ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്; | വായ്പയെടുത്ത് മരണമടഞ്ഞ അംഗങ്ങളുടെ വായ്പാ ബാധ്യത എഴുതിത്തള്ളുന്നതിന് ധനസഹായം അനുവദിക്കുന്നത് റിസ്ക് ഫണ്ട് പദ്ധതി വ്യവസ്ഥകൾ പാലിച്ചാണ്. പദ്ധതി ആരംഭിച്ചപ്പോൾ വായ്പാ തുകയുടെ 0.2% തുക (പരമാവധി വിഹിതം 250 രൂപ) റിസ്ക് ഫണ്ട് വിഹിതമായി ഈടാക്കുകയും പരമാവധി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു. 30.03.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രീമിയം തുക 0.25% മാക്കുകയും (പരമാവധി വിഹിതം 375 രൂപ) ധനസഹായം പരമാവധി 1.5 ലക്ഷം രൂപയായി ഉയർത്തി ധനസഹായം അനുവദിച്ചു വരുന്നു. എന്നാൽ ചില സഹകരണ സംഘങ്ങൾ പഴയ നിരക്കിൽ പ്രീമിയം തുക ഈടാക്കുകയും ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്തു വരുന്നുണ്ട്. അത്തരം കേസ്സുകളിൽ പഴയ നിരക്കിലുള്ള ധനസഹായമാണ് അനുവദിക്കുന്നത്.<br>വായ്പാക്കാരിൽ നിന്നും ഈടാക്കിയ റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ കോർപ്പസ് ഫണ്ടിലേയ്ക്ക് അടയ്ക്കാത്തതിനാലും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്ന് വായ്പാക്കാരനിൽ നിന്നും വിഹിതം പിടിക്കാത്തത് മൂലവും ചില സഹകരണ സംഘങ്ങളിലെ വായ്പക്കാർക്ക് ധനസഹായം ലഭ്യമാകാതെ വരുന്നുണ്ട്. ബാങ്കുകളുടെ ഇത്തരത്തിലുള്ള വീഴ്ച മൂലം ധനസഹായം ലഭ്യമാക്കാത്തതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് അവകാശികൾക്ക് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ നിന്നും നിർദ്ദേശം നൽകി |

വരുന്നുണ്ട്. പദ്ധതി ആരംഭിച്ച 01.04.2008 മുതൽ 31.05.2013 വരെ 7151 വായ്പക്കാർക്ക് 46.29 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) 31.05.2013 ന് റിസ്ക് ഫണ്ട് പദ്ധതിയിൽ പ്രീമിയം ഇനത്തിൽ ലഭിച്ച എന്തു തുക ബാക്കി നിൽപ്പുണ്ട്; ഇതുവരെ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി എത്ര കേസുകളിൽ, എന്തു തുക നൽകാൻ ബാക്കി നിൽപ്പുണ്ട്;

(ബി) റിസ്ക് ഫണ്ട് പദ്ധതിയിൽ പ്രീമിയം ഇനത്തിൽ ലഭിച്ച തുകയിൽ 31.05.2013 ലെ ബാക്കി നിൽപ് 301527939/- രൂപയാണ്. 31.05.2013 ൽ ബാക്കി നിൽപ്പുള്ളവയിൽ 548 അപേക്ഷകളിൽ ആവശ്യപ്പെട്ടിട്ടുള്ള 14066534/- രൂപ ധനസഹായം അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) 01.06.2011 മുതൽ 31.05.2013 വരെ പദ്ധതി പ്രകാരം ഓരോ ജില്ലയിലും എന്തു തുക, എത്ര വായ്പാ കേസുകളിൽ ആശ്വാസമായി അനുവദിച്ചിട്ടുണ്ട്?

(സി) 01.06.2011 മുതൽ 31.05.2013 വരെ അനുവദിച്ച ധനസഹായത്തിന്റെ വിവരം ജില്ല തിരിച്ച് താഴെചേർക്കുന്നു.

| ജില്ല | എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 298 | 23691323 |
| കൊല്ലം | 260 | 20070131 |
| പത്തനംതിട്ട | 121 | 7343552 |
| ആലപ്പുഴ | 117 | 7993967 |
| കോട്ടയം | 447 | 29976486 |
| ഇടുക്കി | 413 | 16640878 |
| എറണാകുളം | 1219 | 64097272 |
| തൃശ്ശൂർ | 544 | 34352353 |
| പാലക്കാട് | 423 | 24382155 |
| മലപ്പുറം | 368 | 19111536 |
| കോഴിക്കോട് | 170 | 10483778 |
| വയനാട് | 73 | 2849641 |
| കണ്ണൂർ | 844 | 39924996 |
| കാസറഗോഡ് | 222 | 8814808 |
| **ആകെ** | **5519** | **309722876** |

സെക്ഷൻ ഓഫീസർ